(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.12/785/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ -685584

ഇ-മെയിൽ :doidk.ksad@kerala.gov.in

തീയതി. 12.11.2020.

# സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെയും 3-ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

# ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ.12/785/2020 തിയതി:12.11.2020

# ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 23.11.2018 മുതൽ 21.09.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.09.2020 മുതൽ 30.09.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | | ശ്രീ. എം. കെ. അഭിലാഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ജീജോ ജോബ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം.എസ്. സതി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. കെ.റ്റി മാത്യു | 01.4.2018 മുതൽ 02.12.2018 വരെ |
| | ശ്രീമതി. കാഞ്ചന ടി. കെ. (അസി സെക്രട്ടറി അധിക ചുമതല) | 03.12.2018 മുതൽ 08.12.2018 വരെ |
| | ശ്രീ രഘുനാഥൻ ജി. | 09.12.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി എ.വൈ. അനീഷ | 01.4.2018 മുതൽ 27.12.2018 വരെ |
| | ശ്രീ റഷീദ് പി എം | 28.12.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആർ. ബീന | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിബി സോമു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. ഗോപിനാഥൻ | 01.04.2018 മുതൽ 27.06.2018 വരെ |
| | ഡോ.വിജേഷ് വിജയൻ | 28.06.18 മുതൽ 12.07.2018 വരെ |
| | ഡോ.പ്ലസ്സൻ ജോയ് | 13.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഐ എസ് എം) | ഡോ. എൻ. എസ് നൗഷാദ് | 01.4.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രൂപ ജോർജ് | 01.04.2018 മുതൽ 10.07.2018 വരെ |
| | ഡോ. ബിജിമോൾ കെ | 11.07.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീ.ജിജോ ജോയി | 01.04.2018 മുതൽ 01.01.2019 വരെ |
| | ശ്രീ എസ്. സാംസൺ | 02.01.2019 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ഉഷാ സ്റ്റീഫൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീ. ബിനേഷ് തോമസ് | 01.04.2018 മുതൽ 11.07.2018 വരെ |
| | ശ്രീമതി. ജാൻസി ജോൺ | 12.07.2018 മുതൽ 02.12.2018 വരെ |
| | ശ്രീ. എ. സി. റെജികുമാർ | 03.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കാഞ്ചന റ്റി.കെ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിലെ അപാകതകൾ |
| 13 | 1-13 | കട മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ |
| 14 | 1-14 | വരവിനങ്ങളിലെ കുടിശിക പിരിച്ചെടുക്കുന്നില്ല |
| 15 | 1-15 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ ഓവർഹെഡ് ചാർജ് കുറവ് വരുത്തിയില്ല |
| 16 | 1-16 | അസി.എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് ഒടുക്കിയില്ല |
| 17 | 1-17 | റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല |
| 18 | 1-18 | എസ്.എസ്.എ - വിനിയോഗത്തിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭിക്കുന്നില്ല |
| | | |

| | | |
|---|---|---|
| 19 | 1-19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹1,19,000/- |
| 20 | 1-20 | ലൈഫ്-ഭവന നിർമ്മാണം ആദ്യ ഗഡു കൈപ്പറ്റിയിട്ടും നിർമ്മാണം തുടങ്ങിയില്ല |
| 21 | 1-21 | ലൈഫ് ഭവനപദ്ധതി-അവലോകനം |
| 22 | 1-22 | ഭവനപുനരുദ്ധാരണം-വേല പൂർത്തീകരിച്ചിട്ടില്ല |
| 23 | 1-23 | കാട്‌വെട്ട് യന്ത്രം വാങ്ങി നൽകൽ-അപാകതകൾ ചെലവ് തടസ്സം ₹29700/- |
| 24 | 1-24 | പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം- ഡി.പി.ആർ. തയ്യാറാക്കലിന് കൺസൾട്ടിംഗ് ഫീസ്-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 25 | 1-25 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തി |
| 26 | 1-26 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| **ഭാഗം 2- വരവ് - (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** | | |
| | 2-1 | വരവിനങ്ങളിലെ നഷ്ടം-ഇല്ല |
| **ഭാഗം 3 – ചെലവ് - (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** | | |
| 27 | 3-1 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജിൽ നിന്ന് നിബന്ധന പ്രകാരമുള്ള തുക കുറവ് വരുത്തിയില്ല |
| **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 28 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 32 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപം |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 36 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.3.2018 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹3541126500/-യും ചെലവ് ₹ 359322220/-യും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 30.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹4677451 |
| വരവ് | ₹78573920 |
| ആകെ | ₹83251371 |
| ചെലവ് | ₹76497877 |
| നീക്കിയിരിപ്പ് | ₹6753494 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്( ജനറൽ) | | 0 | 13320632 | 13320632 | 13033161 | 287471 |
| വികസന ഫണ്ട്(എസ് സി പി) | | 0 | 878000 | 878000 | 870000 | 8000 |
| വികസന ഫണ്ട് (ടി എസ് പി) | | 0 | 111000 | 111000 | 79950 | 31050 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | | 0 | 9296000 | 9296000 | 9250185 | 45815 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | | 0 | 2780000 | 2780000 | 2138653 | 641347 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8027593 | 8027593 | 4211518 | 3816075 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 6585610 | 6585610 | 6585610 | 0 |
| മറ്റ് റവന്യൂ ഗ്രാന്റുകൾ | | 0 | 5000 | 5000 | 5000 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | | | | | | |
| എം ജി എൻ ആർ ഇ | തൊഴിൽകൂലി | 0 | 58774654 | 58774654 | 58774654 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജിഎസ് | ഭരണച്ചെലവ് | 685362 | 977532 | 1662894 | 1539654 | 123240 |
| ടോട്ടൽ സാനിട്ടേഷൻ | | 0 | 644488 | 644488 | 0 | 644488 |
| ഐ സി ഡി എസ് | | 0 | 494500 | 494500 | 300525 | 193975 |
| വിമുക്തി | | 12500 | 25000 | 37500 | 37500 | 0 |
| ലൈബ്രറി ഗ്രാന്റ് | | 0 | 13610 | 13610 | 13610 | 0 |
| പ്രളയ ദുരിതാശ്വാസം | | 0 | 325000 | 325000 | 325000 | 0 |
| നിർമൽ പുരസ്കാരം | | 308459 | 2292 | 310751 | 0 | 310751 |
| സാക്ഷരത | | 4099 | 164 | 4263 | 0 | 4263 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | | | | | | |
| ബി ഫണ്ട് | | 0 | 7800 | 7800 | 7800 | 0 |
| ട്രഷറി | | (-) 976261 | 736266 | (-)239995 | 0 | (-)239995 |
| തനത് ഫണ്ട് ബാങ്ക് & ക്യാഷ് | | 3638324 | 132112 | 3770436 | 430467 | 3339969 |
| പ്ലാൻ | | 305300 | 86945 | 392245 | 0 | 392245 |
| ഗുണഭോക്തൃവിഹിതം | | 0 | 1916545 | 1916545 | 1872925 | 43620 |
| ജവഹർ ലോൺ | | 46422 | 0 | 46422 | 0 | 46422 |
| ദുരിതാശ്വാസനിധി | | 2086 | 15000 | 17086 | 3793 | 13293 |
| ജലനിധി | | 660060 | 12857399 | 13517459 | 12120128 | 1397331 |
| ഹൌസിംഗ് | | 3600 | 144 | 3744 | 0 | 3744 |
| ശുചിത്വ മിഷൻ | | 0 | 1300000 | 1300000 | 937226 | 362774 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 0 | 1119361 | 1119361 | 1063771 | 55590 |
| | ജില്ലാപഞ്ചായത്ത് | 0 | 2477393 | 2477393 | 2435609 | 41784 |
| തനത് ഫണ്ട് | | 2662063 | 21116870 | 23778933 | 20678959 | 3099974 |

ബാലൻസ് ഷീറ്റ് ബി4- ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ നീക്കിവച്ചാൽ തനത് ഫണ്ട് ട്രഷറി അക്കൌണ്ടിലെ നീക്കിയിരിപ്പ് ₹(-)239995 ആണ്. പ്രത്യേക ഉദ്ദേശങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതും ഉപയോഗിച്ച തുക തനത് ഫണ്ടിൽ നിന്ന് അതാത് ഗ്രാന്റ് അക്കൌണ്ടിലേക്ക് തിരികെ നിക്ഷേപിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 184613653 | 105 | 46083805 | - | 36 | 74.46% |

2018-19 വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകളിൽ 36 പ്രോജക്കുകൾ സ്പിൽ ഓവറും 105 പ്രോജക്കുകൾ തൻവർഷത്തേതുമാണ്. സ്പിൽ ഓവർ പദ്ധതികളിൽ 31 എണ്ണവും തൻവർഷ പദ്ധതികളിൽ 74 എണ്ണവും ആണ് നടപ്പാക്കിയത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. സെക്രട്ടറി | 25 | 20 | 14726880 | 7280230 |
| 2.അസിസ്റ്റന്റ് എൻജിനീയർ | 74 | 49 | 54132690 | 12792851 |
| 3. കൃഷി ഓഫീസർ | 8 | 7 | 1204320 | 1082570 |
| 4. വെറ്ററിനറി സർജൻ | 5 | 5 | 3920000 | 3739999 |
| 5.മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 250000 | 250000 |
| 6. മെഡിക്കൽ ഓഫീസർ (ഐ എസ് എം) | 2 | 2 | 700000 | 700000 |
| 7.മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 2 | 2 | 525000 | 525000 |
| 8. വി ഇ ഒ | 12 | 9 | 102906783 | 14787350 |
| 9. ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 4 | 3446480 | 3194105 |
| 10. ഡി എഫ് ഐ | 1 | 1 | 2395000 | 1500000 |
| 11.അസിസ്റ്റന്റ് സെക്രട്ടറി | 8 | 5 | 406500 | 231700 |
| ആകെ | 141 | 105 | 184613653 | 46083805 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 685362 | 977532 | 1662894 | 1539654 | 123240 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 58774654 | 58774654 | 58774654 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4800 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 3475800 | 839 |
| വിധവാപെൻഷൻ | 6146500 | 1422 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1810000 | 417 |
| വാർദ്ധക്യകാല പെൻഷൻ | 16368600 | 3733 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 275000 | 64 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. ₹40073/ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2018-19 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. പഞ്ചായത്തിന് ലഭിച്ച ഐ.എസ്.ഒ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞെങ്കിലും പുതുക്കിയിട്ടില്ല. ആശ്രയ പദ്ധതിയ്ക്കായി തൻവർഷം തുക വകയിരുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2020 | 31.01.2020 വരെ | 18.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2017 | 2016-17 വരെ | 18.09.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) ലഭിക്കുന്ന ചെക്കുകളുടെയും ഡ്രാഫ്റ്റുകളുടെയും വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

2) ജവഹർ ലോൺ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വാടക ഡിമാന്റ് വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) ₹12894/- നീക്കിയിരിപ്പുള്ള സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) വസ്തുനികുതി വാർഷിക കണക്ക് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

7) വസ്തുനികുതി കിട്ടാക്കടത്തിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

8)₹17750/-വ്യക്തമായ കാരണമില്ലാതെ prior period items എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കിയിരിക്കുന്നു.

9) Capital Work in Progress എന്ന ശീർഷകത്തിൽ പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ ചെലവ് ആസ്തി ബാദ്ധ്യത പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിലെ അപാകതകൾ

മാനവൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. രസീതുകൾ കാൻസൽ ചെയ്യുമ്പോൾ കാൻസൽ ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പല രസീതുകളിലും അപ്രകാരം ചെയ്തു കാണുന്നില്ല.

ഉദാ:- 18483/16, 18483/41, 48751/45, 48761/97, 18453/93

2. പല രസീതുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:- 18460, 18471, 48754

3. 18481/12, 18481/13 എന്നീ രസീതുകൾ കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06/23.09.2020) മറുപടി ലഭ്യമാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 83 അനുസരിച്ച് രസീതുകൾ കൈകാര്യം ചെയ്യേണ്ടതും അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

# 1-13 കട മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നും വാടക ഈടാക്കിയപ്പോൾ പല വാടകക്കാരിൽ നിന്നും ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേരും വിലാസവും | വാടക രജിസ്റ്റർ പ്രകാരം ജി.എസ്.ടി ഈടാക്കാതെ സ്വീകരിച്ച വാടക തുക |
|---|---|
| ജിനു.സി.എസ്.ചിറമ്പക്കാട്ടിൽ | 10392 |
| സനിൽ, കിഴക്കേപ്പുറത്ത്കുടിയിൽ | 7812 |
| കുര്യാക്കോസ്, ചേടനാക്കുഴി | 7812 |
| ഷൈമോൻ, ഇക്കരക്കുടി | 8472 |
| ബിജു, കരിമ്പിൻകാലായിൽ | 8604 |
| ബിജു, ഇരപ്പനാൽ | 11376 |
| ദേവസി, വടക്കേടത്ത് | 12350 |
| ,, ,, | 13950 |
| പി.എൻ.സുരേന്ദ്രൻ, പൊട്ടക്കാതായിൽ | 11472 |
| പദ്മാവതി ശിവൻ, | 6688 |

| | |
|---|---|
| വെട്ടുകല്ലുമാക്കൽ | |
| ,, ,, | 6688 |
| ഷിബു, വരിക്കത്തറപ്പേൽ | 10884 |
| ബിജു, വെട്ടുകല്ലുങ്കൽ | 7740 |
| വി.എസ്.അജയൻ, വരക് കാലായിൽ | 5292 |
| ,, ,, | 5688 |
| ഷൈല തങ്കച്ചൻ, ഈഴപ്പറമ്പിൽ | 43068 |
| ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ, രാജാക്കാട് | 14280 |

മേൽ വാടകക്കാരിൽ നിന്നും 18% ജി.എസ്.ടി ഈടാക്കി ഒടുക്കേണ്ടതാണ്.

2. വാടക നിർണയിച്ചിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ 3,4 കടമുറികൾ കെ.എസ്.ഇ.ബി, രാജാക്കാടിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ മുറികളുടെ വാടക നിശ്ചയിച്ചതായോ ഒടുക്കിയതായോ വാടകകുടിശികയുള്ളതായോ ഡി.സി.ബി.യിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കടമുറികളുടെ വാടക നിശ്ചയിച്ച് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം. 10/24.09.2020) മറുപടി ലഭ്യമാക്കിയില്ല.

# 1-14 വരവിനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നില്ല.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ തനത് വരുമാന ഇനങ്ങളായ വസ്തുനികതി, വാടക, പബ്ലിക് കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരുമാനം എന്നീയിനങ്ങളിൽ കുടിശികയായി ഗണ്യമായ തുക പിരിഞ്ഞു കിട്ടാനുണ്ട്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളുടെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക യഥാക്രമം സഞ്ചയ ഡി.സി.ബി.യിലെ ബാലൻസ് തുകയുമായും വാടക രജിസ്റ്റർ സംക്ഷിപ്തത്തിലെ നീക്കിയിരിപ്പ് തുകയുമായും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും

ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മാത്രമല്ല "സഞ്ചയ" പ്രകാരവും സാംഖ്യ പ്രകാരവും വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും തുകകളിൽ തന്നെ വ്യത്യാസം കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി. പ്രകാരം പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ തൻവർഷകുടിശിക തുക ₹1,76,728/-യും . മുൻവർഷകുടിശിക തുക ₹1,00,000 യുമാണ്. എന്നാൽ 2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ലഭിക്കുവാനുള്ള വസ്തുനികുതി കുടിശിക താഴെ ചേർക്കുന്നു.

| കുടിശ്ശിക | പാർപ്പിടം | പാർപ്പിടേതരം |
|---|---|---|
| തൻവർഷം | - | 8,43,564 (885742*100/105) |
| മുൻവർഷം | 6,45,606(6,77,886*100/105) | 9,55,897 (10,03,692*100/105) |

സഞ്ചയ – സാംഖ്യ കണക്കുകളിലെ വ്യത്യാസത്തിനുള്ള കാരണങ്ങൾ വിശദീകരിക്കേണ്ടതും അപാകത പരിഹരിയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

ബാലൻസ് ഷീറ്റ് പ്രകാരം 2017-18 വർഷം വരെയുള്ള കെട്ടിടവാടക കുടിശ്ശിക ₹80,177/- ആണ്. തൻവർഷ കുടിശ്ശിക ഇല്ല. എന്നാൽ വാടക രജിസ്റ്ററിൽ ₹65,148 തൻവർഷ കുടിശികയായി രേഖപ്പെടുത്തിയിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243(2),(3) പ്രകാരം ഏതെങ്കിലും നികുതിയോ ഫീസോ കൊടുക്കാൻ ബാധ്യസ്ഥനായ ഒരാൾ നികുതി ചുമത്തലിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ നികുതി ചുമത്തേണ്ടിയിരുന്ന തീയതി മുതൽ നാല് വർഷത്തിനുള്ളിൽ, പതിനഞ്ചു ദിവസങ്ങൾക്കകം പണമടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് കൊടുക്കേണ്ടതാണ്. യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം ഏതെങ്കിലും തുക നഷ്ടമായാൽ പന്ത്രണ്ട് ശതമാനം പലിശ സഹിതം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ആയതിനാൽ പിരിച്ചെടുക്കാനുള്ള കുടിശിക തുകകൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ ഓവർഹെഡ് ചാർജ് കുറവ് വരുത്തിയില്ല

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.50% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ് എന്ന് 16-03-2018-ലെ DB3-9058/17/CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. PRICE സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് എന്നതിനാൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ്.

ഏതാനും പദ്ധതികളിൽ നിന്ന് അപ്രകാരം തുക കുറവു ചെയ്യാതിരുന്നതിനാൽ ₹26991 കൺവീനർമാർക്ക് അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1-ൽ ചേർത്തിരിക്കുന്നു.

## 1-16 അസി.എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് ഒടുക്കിയില്ല.

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു. (ധനകാര്യവകുപ്പിന്റെ 12.4.2006-ലെ ജി.ഒ(പി) 177/2006 നമ്പർ ഉത്തരവ് കാണുക.). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30 ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിനുശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ തിരിച്ചടയ്ക്കുന്ന പക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തികവർഷത്തിനുശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച 500/-രൂപ മാത്രമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനിയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് SBI രാജകുമാരി ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ(നം.67054891803), 25-06-2020-ൽ, ₹269875/- നിലനിർത്തിയിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്ത് നീക്കിബാക്കി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണെന്ന് മുൻവർഷ റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല

വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് റീടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ തുടക്കം, അവസാനം, നീളം, വീതി, പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ്, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾ തുടങ്ങിയവ കാണിക്കുന്ന രേഖകൾ/മാപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടാറിംഗ്/റീടാറിംഗ്/ അറ്റകുറ്റപ്പണികളുടെ ഇടവേളയും ആവശ്യകതയും കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. തന്മൂലം ഓരോ വാർഷിക പദ്ധതിയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കാതെ വരുന്നു.

ആയതിനാൽ കൃത്യമായ ഇടവേളയും ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി റോഡുപ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 എസ്.എസ്.എ - വിനിയോഗത്തിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | എസ്.എസ്.എ. വിഹിതം നൽകൽ<br>പ്രോജക്ട് നമ്പർ 1/19 – ജനറൽ |
| ബിൽ നമ്പർ/തീയതി/തുക | 8/13-07-2018 ₹9,00,000/- |

തൻവർഷം ഗ്രാമപഞ്ചായത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം ആകെ ചെലവാകുന്ന തുക ₹3092690/-യാണ്. പ്രസ്തുത തുകയുടെ 40% തുകയായ ₹1237076/- പഞ്ചായത്ത് വിഹിതമായി ഒടുക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. സൂചിത ബിൽ പ്രകാരം ₹9,00,000/- നൽകിയപ്പോൾ ലഭിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ ഇൻവോയിസിൽ സൂചിപ്പിച്ചിരുന്നതിൽ നിന്നും തുകയും ഇനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. തുക അധികം ചെലവഴിച്ച ഇനങ്ങളുടെ മാത്രം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് പ്രകാരം ക്രമ നമ്പർ | പ്രവർത്തനം/ ഇനം | ഇൻവോയിസ് പ്രകാരം ആകെ ചെലവ്(₹) | പഞ്ചായത്ത് വിഹിതം-40% തുക(₹) | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവ്(₹) |
|---|---|---|---|---|
| 3 | സൗജന്യ പാഠപുസ്തകം | 38300 | 15320 | 117000 |
| 4 | സൗജന്യ യൂണിഫോം | 385584 | 154234 | 72000 |

| | | | | |
|---|---|---|---|---|
| 6 | അധ്യാപക പരിശീലനം | 8500 | 3400 | 54000 |
| 7 | BRC/URC | 412564 | 165026 | 270000 |
| 8 | CRC | 319320 | 127728 | 45000 |
| 9 | രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ | 8088 | 3235 | 27000 |
| 11 | സ്കൂൾ ഗ്രാന്റ് | 24000 | 9600 | 27000 |
| 12 | സ്കൂൾ മെയിന്റൻസ് ഗ്രാന്റ് | 15000 | 6000 | 36000 |
| 15 | പി.ആർ.ഐ. പരിശീലനം | 8400 | 3360 | 4500 |
| 17 | പ്രോജക്ട് മാനേജ്മെന്റ് കോസ്റ്റ് | 91348 | 36539 | 90000 |
| 19 | സാമൂഹിക പങ്കാളിത്തം | 3235 | 1294 | 4500 |
| 18 | എൽ.ഇ.പി. | 9806 | 3922 | 27000 |
| ലഭ്യമല്ല | Innovative | 0 | 0 | 45000 |
| ലഭ്യമല്ല | പാർട്ട് ടൈം ഇൻസ്ട്രക്റ്റേഴ്സ് | 0 | 0 | 9000 |
| ലഭ്യമല്ല | CWSN Students | 0 | 0 | 72000 |

ഇൻവോയിസിൽ സൂചിപ്പിക്കാത്ത ഇനങ്ങൾക്ക് ചെലവഴിച്ചതും ആവശ്യപ്പെട്ടതിൽ കൂടുതൽ തുക ചില ഇനങ്ങളിൽ ചെലവഴിച്ചതും പരിശോധിക്കപ്പെടേണ്ടതാണ്. മേൽപറഞ്ഞ എല്ലാ ഇനങ്ങൾക്കും പ്രത്യേകിച്ച് സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, സ്കൂൾ മെയിന്റൻസ് ഗ്രാന്റ് എന്നീ

ഇനങ്ങൾക്ക് തുക ആനുപാതികമായി വിനിയോഗിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. Children With Special Needs (CWSN) Students, Innovative, പാർട്ട് ടൈം ഇൻസ്ട്രക്ടേഴ്സ് എന്നീ ഇൻവോയിസിൽ സൂചിപ്പിക്കാത്ത, ഇനങ്ങളിലുള്ള ചെലവിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.2)യ്ക്ക് മറുപടി ലഭിച്ചില്ല.

നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ (സ്കൂളുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ) ഉൾക്കൊള്ളിച്ചുകൊണ്ട് ഇൻവോയ്സ് തയ്യാറാക്കുന്നുവെന്നും തുകകൾ വിനിയോഗിച്ച സ്കൂളുകളുടെയും മറ്റും കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിൽ പരാമർശിച്ച എല്ലാ ഇനങ്ങൾക്കും ആനുപാതികമായി തുക ചെലവഴിച്ചുവെന്നും ഉറപ്പാക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്. എങ്കിൽ മാത്രമേ 40% തുക ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവ് ചെയ്തു എന്ന് വ്യക്തമാകുകയുള്ളൂ. മേൽ സൂചിത കാരണങ്ങളാൽ ₹900000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹1,19,000/-

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| പദ്ധതി നമ്പർ | 23/2019 |
| പദ്ധതി | പി.എം.എ.വൈ വിഹിതം അടയ്ക്കൽ |
| ബിൽനമ്പർ /തീയതി | 21/2018-19 തീയതി 11.03.2019 |
| തുക | ₹1,19,000/- |

പി.എം.എ.വൈ പൊതുവിഭാഗം ഇനത്തിൽ പഞ്ചായത്ത് വിഹിതമായി ₹1,19,000/- നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 455102010008589 നമ്പരായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹1,19,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 ലൈഫ്-ഭവന നിർമ്മാണം ആദ്യ ഗഡു

# കൈപ്പറ്റിയിട്ടും നിർമ്മാണം തുടങ്ങിയില്ല

| | | |
|---|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | |
| പദ്ധതി നമ്പർ | 25/2019 | |
| പദ്ധതി | ലൈഫ് ഭവന പദ്ധതി | |
| ബിൽ നമ്പർ | 4/2018-19 | തീയതി:06.09.2018 |
| തുക | ₹40000/- | |

ശ്രീമതി മേരി ജോണി, കോറുകാട്ടിൽ, മുല്ലക്കാനം എന്ന ഗുണഭോക്താവിന് ലൈഫ് പദ്ധതി പ്രകാരം ₹40,000/- നൽകിയെങ്കിലും ഭവന നിർമ്മാണം നാളിതുവരെയായും ആരംഭിച്ചിട്ടില്ല. ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണവകുപ്പിന്റെ 19-04-2011 ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-21 ലൈഫ് ഭവനപദ്ധതി-അവലോകനം

## 1. ഫണ്ട് വിശകലനം

നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| പ്ലാൻ ഫണ്ട് | പൊതു വിഭാഗം | 3877400 | 3877400 |
| ബ്ലോക്ക് പഞ്ചായത്ത് | പൊതു വിഭാഗം | 1912491 | 1912491 |
| ജില്ലാ പഞ്ചായത്ത് | പൊതു വിഭാഗം | 2392393 | 2392393 |
| ഹഡ്കോ വായ്പ | | 19910000 | 19910000 |
| സംസ്ഥാന വിഹിതം | | 8000000 | 8000000 |

## ബി. ഗുണഭോക്തൃ വിശകലനം

| | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കരാർ വച്ചത് | 102 |
| പണി തുടങ്ങാത്തത് | 01 |
| തറ തീർന്നത് | 03 |
| | |

| | |
|---|---|
| ലിന്റൽ തീർന്നത് | 01 |
| മേൽക്കൂര തീർന്നത് | 06 |
| പണി തീർന്നത് | 92 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-22 ഭവനപുനരുദ്ധാരണം-വേല പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണം | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | | എസ്.19/2019 |
| പദ്ധതി | | വീട് പുനരുദ്ധാരണം |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) | ₹1971750 |
| ബിൽ നം ,തീയതി & തുക | | 15/2019-20 തീ 27.02.2019, ₹100000/- |

ഭവന പുനരുദ്ധാരണത്തിനായി 52 ഗുണഭോക്താക്കൾക്ക് ₹50,000/- നിരക്കിൽ ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം കരാർ വച്ച് മുൻകൂർ തുക കൈപ്പറ്റിയ താഴെ പരാമർശിക്കുന്ന 2 ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | നല്കിയ തുക ₹ |
|---|---|---|
| 1 | ശ്രീമതി ഷൈല, പൂകമല | 25000 |
| 2 | ശ്രീ. കുഞ്ഞപ്പൻ പുളിന്താനത്ത് | 25000 |
| **ആകെ** | | 50000 |

ഭവനപുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. വേല പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവനനിർമ്മാണ ധനസഹായം കൈപറ്റിയ ശേഷം വീട് പണി പൂർത്തിയാക്കാത്തവരിൽ നിന്നും തദ്ദേശസ്വയംഭരണവകപ്പിന്റെ 19-04-2011 ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-23 കാട്വെട്ട് യന്ത്രം വാങ്ങി നൽകൽ-അപാകതകൾ ചെലവ് തടസ്സം ₹29700/-

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നമ്പർ | 174/2019 (റ്റി.എസ്.പി) |
| പദ്ധതി | പട്ടിക വർഗ്ഗ പുരുഷ സ്വയം സഹായ സംഘത്തിന് കാട് വെട്ട് യന്ത്രം വാങ്ങൽ |
| അടങ്കൽ | ₹300000/-<br>₹3300/-(ഗുണഭോക്തൃവിഹിതം) |
| ബിൽ നമ്പർ, തീയതി | 07/2018-19 തീ:26.03.2019 |
| തുക | ₹29700/- |

ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ പുരുഷ സ്വയം സഹായ സംഘത്തിന് കാട് വെട്ട് യന്ത്രം വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത് . ഇത് പ്രകാരം ടെണ്ടർ മുഖേന അടിമാലി കണ്ണിക്കാട്ട് ട്രേഡിംഗ് കമ്പനിയിൽ നിന്നും ₹33000/- ക്ക് ഒരു കാട് വെട്ട് യന്ത്രം വാങ്ങിയതിന് സബ്സിഡി തുക ₹29700/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കാട് വെട്ട് യന്ത്രം രാജാക്കാട് അക്ഷര പുരുഷ സ്വയം സഹായസംഘത്തിന് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. സ്വയം സഹായ സംഘത്തിന്റെ രജിസ്ട്രേഷൻ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.
2. പ്രസ്തുത സംഘം റ്റി.എസ്.പി ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതിക്ക് അർഹരാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.
3. സംഘത്തിലെ അംഗങ്ങളുടെ വിവരം ലഭ്യമല്ല.

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഉത്തരവിലെ ഖ-6.1.8 പ്രകാരം താഴെ പരാമർശിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

എ) നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ബി) യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുമെന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% ശതമാനം കുറഞ്ഞ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കാം എന്ന കരാർ ചമച്ചിട്ടില്ല.

സി) യന്ത്രത്തിന്റെ ഉടമസ്ഥത കൃഷി ഓഫീസറും കൈവശാധികാരം സംഘത്തിനും ആയിരിക്കും എന്ന കരാർ ചമച്ചിട്ടില്ല

മേൽ അപാകതകൾ ഉള്ളതിനാൽ ₹29,700/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം- ഡി.പി.ആർ. തയ്യാറാക്കലിന് കൺസൽട്ടിംഗ് ഫീസ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം ഡി.പി.ആർ. പ്ലാൻ,എസ്റ്റിമേറ്റ് തയ്യാറാക്കൽ, സ്ട്രക്ചറൽ ഡിസൈൻ കൺസൽട്ടൻസി ഫീസ് നൽകൽ-156/19) – തനത് ഫണ്ട് |
| അടങ്കൽ | ₹400000/- |
| ബിൽ നം./ തീയതി/തുക | 239/18-19/31-03-2019 ₹3,01170/- |

പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഡി.പി.ആർ. (പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സ്ട്രക്ചറൽ ഡിസൈൻ തുടങ്ങിയവ) തയ്യാറാക്കുന്നതിന് കൺസൽട്ടൻസി ഫീസ് നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടറിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് (₹387000/-, 3.25% below) ക്വോട്ട് ചെയ്ത പി.എം. ഹരികൃഷ്ണൻ എന്ന വ്യക്തിയെയാണ് കൺസൽട്ടൻസിയായി തിരഞ്ഞെടുത്തത്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വ്യവസ്ഥ പ്രകാരം ഡിപിആറിൽ ലഭ്യമാക്കേണ്ട Application for building permit,Site Plan(3Sets), Service Plan(3Sets), Building Elevation(3D)-Covering all sides(3Sets), Soil Investigation Report,

Interior Design and Plan(2D and 3D), Set out Drawings(3Sets) എന്നിവ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

2. കരാർ വച്ച് 90 ദിവസത്തിനകം, ടി കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് ഡ്രോയിങ്സ് സഹിതം തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കിയും ഫയർ & സേഫ്റ്റി ഇൻസ്റ്റലേഷൻ-ന് വേണ്ടിയുള്ള എസ്റ്റിമേറ്റ് ഡ്രോയിങ്സ് സഹിതം തയ്യാറാക്കി അനുമതി ലഭ്യമാക്കിയും സമർപ്പിക്കേണ്ടതാണെന്നുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.
3. സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി TS ലഭിക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി തുകയുടെ 20%-ഉം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി TS ലഭിക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി തുകയുടെ 20%-ഉം കെട്ടിട നിർമ്മാണ പുരോഗതിയ്ക്ക് ആനുപാതികമായി ബാക്കി 60% തുകയും അനുവദിക്കാവുന്നതാണെന്നുമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. തുക പൂർണമായി നല്കിയെങ്കിലും എസ്റ്റിമേറ്റുകൾക്ക് TS ലഭ്യമാക്കുകയോ നിർമ്മാണം തുടങ്ങുകയോ ചെയ്തിട്ടില്ല.
4. പ്രത്യേകമായി എടുത്തുപറയാത്ത സംഗതിയിൽ, ബാധകമായ എല്ലാ നികുതികളും ഉൾപ്പെടുത്തിയാണ് ടെണ്ടറുകളിൽ തുക ക്വോട്ട് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്ത് കരാറുകാരനുമായി ചമച്ചിരിക്കുന്ന കരാറിൽ, പദ്ധതി പൂർത്തീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് ദർഘാസ് ചെലവും നികുതിയും കിഴിച്ചുള്ള തുക ഗ്രാമപഞ്ചായത്ത് കരാറുകാരന് നല്കേണ്ടതാകുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്. ബാധകമായ നികുതികൾ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

ബിൽ ഡീറ്റേൽസ് എന്ന സൂചിപ്പിച്ച്, യുണീക് ബിൽഡേഴ്സ് ഓഫ് കൺസെപ്റ്റ്സ് എന്ന സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ ₹300772/- യുടെയും യൂണിറ്റി ബിൽഡിംഗ് സെന്റർ എന്ന സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ ₹301170/-യുടെയും, ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ബാധകമായ നികുതി പൂർണമായി ഈടാക്കി മാത്രമാണ് തുക അനുവദിക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്യാതെ രണ്ടാമത്തെ തുക അനുവദിക്കുകയാണുണ്ടായത്.

2017-ലെ സി.ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ നടത്തുന്ന ഏതൊരു ഇടപാടിനും നികുതി ഈടാക്കേണ്ടതാണ്. നികുതിയായി 18%-മാണ് ഈടാക്കേണ്ടിയിരുന്നത്. ഒരു വർഷം ₹30000/-യിൽ കൂടിയ ചെലവ് വരുന്ന പ്രൊഫഷണൽ/ ടെക്നിക്കൽ സേവനങ്ങൾക്ക് 10% ആദായനികുതി ഈടാക്കണമെന്ന് ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(J)-യിൽ വ്യക്തമാക്കുന്നുണ്ട്. അതിൻ പ്രകാരം നികുതികൾ കണക്കാക്കി ഈടാക്കിയശേഷം കരാറുകാരന് അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ജി.എസ്.ടി. (18%) | - 45941 |
| കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ആദായ നികുതി (10%) | – 30117 |
| കരാറുകാരന് അനുവദിക്കാവുന്ന തുക | – 225112 |
| ആകെ | - 301170 |

ഒരു പദ്ധതി നടപ്പാക്കുമ്പോൾ പ്രസ്തുത നികുതികൾ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കിയെന്ന് ഉറപ്പാക്കേണ്ടത് തുക അനുവദിക്കുന്ന സ്ഥാപനത്തിന്റെ മാത്രം ഉത്തരവാദിത്വമായതിനാൽ കരാറുകാരനിൽ നിന്ന് നികുതികൾ ഈടാക്കിയില്ലെങ്കിൽ പോലും തത്തുല്യമായ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. അങ്ങനെവരുമ്പോൾ, നിയമപരമായി ആവശ്യപ്പെടുമ്പോൾ കരാറുകാരനിൽ നിന്ന് ലഭ്യമായില്ലെങ്കിൽ ടി തുകകൾ ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുമ്പോൾ അവ ഗ്രാമപഞ്ചായത്തിന്

നഷ്ടമായി ഭവിക്കും. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.1)യ്ക്ക് മറുപടി ലഭിച്ചില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ ₹ 400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നികുതികൾ (ആകെ ₹76058/-) കരാറുകാരനിൽ നിന്ന് പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കിയും മറ്റ് അപാകതകൾ പരിഹരിച്ചും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാങ്ങലുകൾ നിയന്ത്രിക്കുന്നതിന് സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ.(പി) നം.259/2010 പ്രകാരം വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച്, ഗ്രാമ പഞ്ചായത്തിൽ, മതിപ്പുവില ₹25000 രൂപയ്ക്ക് മുകളിലും ₹100000 രൂപയ്ക്ക് താഴെയും വരുന്ന വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേന മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. അംഗീകൃത കരാറുകാരുടെ/വിതരണക്കാരുടെ പട്ടികയിലുള്ള കഴിയുന്നത്ര പേർക്ക് ടെണ്ടർ രേഖകൾ അയച്ചുകൊടുത്ത് നാലു മുതൽ ആറുവരെ എണ്ണം മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതാണെന്നും അതിൽ പറയുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും പാലിക്കാതെയാണ് പദ്ധതി രൂപീകരണ ചെലവുകൾ(11/19) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ, ₹83000/-(Bill No.22/15. 02.2019-₹61650/-, 27/28.02.2019-₹21350/-) ചെലവ് വരുന്ന പ്രിന്റിംഗ് ജോലികൾ നടത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.9)യ്ക്ക് മറുപടി ലഭിച്ചില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തിയതിനാൽ ₹83000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (13/18-19) |
| അടങ്കൽ തുക | ₹5,00,000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ബിൽ നമ്പർ | 01/23.03.2019 ₹250000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് ₹2,50,000/- കൈമാറിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം ₹2,45,468/- യുടെ മരുന്നുകളാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹4,532/- യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവിനങ്ങളിലെ നഷ്ടം

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജിൽ നിന്ന് നിബന്ധന പ്രകാരമുള്ള തുക കുറവ് വരുത്തിയില്ല

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.50% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ് എന്ന് 16-03-2018-ലെ DB3-9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. PRICE സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് എന്നതിനാൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ്. നാല് പദ്ധതികളിൽ നിന്ന് ഇത്തരത്തിൽ തുക കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഏതാനും പദ്ധതികളിൽ നിന്ന് അപ്രകാരം തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് പ്രോജക്ട് നമ്പർ അടങ്കൽ | എം. ബുക്ക് നം. | കൺവീനർ | ബിൽ നം., | ആകെ പ്രവൃത്തി മൂല്യം(₹) | കുറവ് വരുത്തേണ്ട 5% തുക(₹) |
|---|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി അംഗൻവാടി മെയിന്റനൻസ് (90/19) ₹100000/- | 366/17-18 | സനി സി.ജെ. | 1/19-05-2018 | 100000 | 5000 |
| 2 | പഴയവിട്ടുതി അംഗൻവാടി മെയിന്റനൻസ് 97/19 ₹100000/- | 4/18-19 | സതീശൻ എം.ആർ. | 3/15-09-2018 | 76783 | 3839 |
| 3 | പനച്ചിക്കുഴി അംഗൻവാടി മെയിന്റനൻസ് 101/19 ₹100000/- | 381/17-18 | ഷൈല പി.പി. | 14/18-12-2018 | 66605 | 3330 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മമ്മട്ടിക്കാനം അംഗൻവാടി മെയിന്റനൻസ് 92/19 ₹200000/- | 14/18-19 | ജോൺസി വി. | 15/18-12-2018<br>16/18-12-2018 | 199920 (58000+141920) | 9996 |
| 5 | ചെറുപുറം അംഗൻവാടി മെയിന്റനൻസ് 99/19 ₹51000/- | 13/18-19 | വൽസമ്മ | 21/18-12-2018 | 47288 | 2364 |
| 6 | കള്ളിമാലി അംഗൻവാടി മെയിന്റനൻസ് 100/19) ₹50000/- | 1/18-19 | ചിന്താമണി രാജു | 22/18-12-2018 | 49285 | 2464 |
| ആകെ | | | | | | 26993 |

ഓവർഹെഡ് ചാർജിൽ നിന്ന് അഞ്ച് ശതമാനം തുക കുറവ് ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.8)യ്ക്ക് മറുപടി ലഭിച്ചില്ല. 1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ നഷ്ടം സംഭവിച്ച ₹26993/- കൺവീനർമാരിൽ നിന്ന് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രവൃത്തികളുടെ എം. ബുക്ക് എഴുതിയ അസി. എഞ്ചിനീയറിൽ നിന്ന് തുക ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ് നടപടി സ്വീകരിക്കുന്നതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 14.6.2019 | കെ എസ് എ ഐഡികെ.3/520(38)/2019 തീയതി 17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | 75000 | | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| | | 76280 | ജവഹർ ഭവന പദ്ധതി | 76280 | 0 |
| | | 968081 | ലൈഫ് മിഷൻ | 912491 | 55590 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2018-2019 | 2392393 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2350609 | 41784 |
| | | 85000 | നെൽ കർഷകർക്കുള്ള സബ്സിഡി | 85000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ₹7992643 വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ. എം. എസ്. ഭവനപദ്ധതി | സ.ഉ (സാധാ) 322/ 2010/ ത.സ്വ.ഭ.വ തി. 29.01.2010 | 7468500 | 712367 | 712367 | -- | 0 |
| ജവഹർ ഭവനപദ്ധതി | 300615/ സി.ബി/1/ 15/ ത.സ്വ.ഭ.വ തി. 11.11.2015 | 5200000 | 3957974 | 299220 | 220780 | 3658754 |
| ലൈഫ് മിഷൻ | ലഭ്യമല്ല | 7992643 | 7992643 | 422 | - | 7992221 |

മുൻ റിപ്പോർട്ട് പ്രകാരം ₹3611831/-യാണ് ജവഹർ ഭവന പദ്ധതിയിൽ നീക്കിയിരിപ്പ്. പഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2018-ലെ നീക്കിയിരിപ്പ് ₹3957974/- ആണ്. 01.04.2018-ലെ മുന്നിരിപ്പായി ഈ തുകയാണ് എടുത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | | കുടിവെള്ള പദ്ധതിക്ക് അധിക ചെലവ് | തൽസ്ഥിതി തുടരുന്നു |
| 2003-04 | 2.1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2015-16<br>2016-17 | പൊതു അവലോകനം | 2017-18 | | പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>പ്രോ. നം. 140/16<br>പ്രോ.നം. 134/17 | തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ | തുക | | | | ഈടാ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഗിക സ്ഥാനം, ഭരണ വകുപ്പ് | തിയും | | നമ്പർ/ തീയതി) | തുക (തീയതി) | ഉൾപ്പെട്ട തുക | ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2009-10 | ഖ.3-1 | വിക്രമൻ പിള്ള (AE) | Lf 11041/ sp.cell/ csc 1 dt 3/12/14 | 6100 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6100 | 0 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹78573920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹76497877 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹26993 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1531700 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 26993 | ശ്രീമതി എ.വൈ. അനീഷ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-18 | 900000 | ശ്രീ കെ.റ്റി. മാത്യൂ, സെക്രട്ടറി |
| 1-19 | 119000 | ശ്രീ എസ് സാംസൺ, വി ഇ ഒ |
| 1-23 | 29700 | ശ്രീമതി ആർ ബീന, കൃഷി ഓഫീസർ |
| 1-24 | 400000 | ശ്രീ രഘുനാഥൻ ജി, സെക്രട്ടറി |
| 1-25 | 83000 | ശ്രീ രഘുനാഥൻ ജി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ.റ്റി. മാത്യൂ, സെക്രട്ടറി | സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | കൊച്ചുപുരക്കൽ,<br>കട്ടപ്പന പി ഒ,<br>ഇടുക്കിക്കവല |
| ശ്രീ രഘുനാഥൻ ജി, സെക്രട്ടറി | അടുത്തുണ്ൺപറ്റി | വേരുവള്ളിൽ,<br>വെച്ചൂർ പി ഒ, വൈക്കം,<br>കോട്ടയം. |
| ശ്രീമതി എ.വൈ. അനീഷ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | അനിയാൻജൂസിഗാർ,<br>43 എം സി നഗർ,<br>കരകുളം പി ഒ,<br>തിരുവനന്തപുരം 695564 |
| ശ്രീ എസ് സാംസൺ, വി ഇ ഒ | വി ഇ ഒ, തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത് | സാം നിവാസ്,<br>തൈക്കൽ പി ഒ,<br>ചേർത്തല, ആലപ്പുഴ. |
| ശ്രീമതി ആർ ബീന, കൃഷി ഓഫീസർ | കൃഷി ഓഫീസർ, രാജാക്കാട് ഗ്രാമപഞ്ചായത്ത്. | ഹൗസ് നം.536<br>കുളപ്പാറച്ചാൽ പി.ഒ<br>കുരുവിളസിറ്റി<br>ഇടുക്കി. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1966-67 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1967-68 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1968-69 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1969-70 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1970-71 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1972-73 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1973-74 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1975-76 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1976-77 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1978-79 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1979-80 | എൽ. എഫ്. ഐ-5-272/82/ 26.6.1982 | | |
| 1980-81 | എൽ. എഫ്. ഐ-5-1233/83/ 30.10.1983 | | |
| 1981-82 | എൽ. എഫ്. ഐ-5-163/89/ 31.7.1989 | | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/ 5.7.1986 | | |
| 1983-84 | എൽ. എഫ്. ഐ-5-968/87/ 12.5.1987 | | |
| 1984-85 | എൽ. എഫ്. ഐ-5-914/87/ 21.8.1988 | | |
| 1985-86 | എൽ. എഫ്. ഐ-5-612/89/ 21.10.1989 | | |
| 1986-87 | എൽ. എഫ്. ഐ-5-616/91/ 2.8.1992 | | |
| 1987-88 | എൽ. എഫ്. ഐ-5-612/92/ 6.1.1995 | | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/ 14.11.1994 | | |
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/ 15.11.1995 | | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/ 28.3.1995 | | |
| 2000-01 | KSAIDK-12/1786/17 dt22/01/2018 | 1 | 29 |
| 2002-03 | KSAIDK-12/1786/17 dt. 22/01/2018 | 1 | 3-3 |
| 2003-04 | KSAIDK-12/1786/17 dt 22/01/2018 | 1 | 2-2 |
| 2004- | KSAIDK-12/1786/17 | 1 | 3-5 |

| | | | |
|---|---|---|---|
| 05 | dt 22/01/2018 | | |
| 2006-07 | LFI/10/351/09 dt10/11/09 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2007-08 | LFI 12/10/12 Dt28/1/12 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2008-09 | LFI 12/153/2011 dt 22/3/13 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2009-10 | LFI 12/1379/12 dt 5/6/14 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2010-11 & 2011-12 | LFI 12/1144/2014 DT1/6/15 | 8 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5 |
| 2012-13 | KSA-IDK 12/1480/2015 dt 4/3/16 | 14 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2013-14 | KSAIDK 12/915/15 dt 26/10/15 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2014-15 | KSAIDK 12/943/2016 dt 25/10/16 | 4 | 2-1, 3-3, 3-4, 3-5 |
| 2015-16 | KSAIDK 12/492/2017 dt18/04/17 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK12/210/18 dt 22/03/18 | 13 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-12/1314/2018തീയതി:10.12.2018 | 2 | 3-7, 3-8 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# Annexure-I AUDIT CERTIFICATE

No. KSA-IDK-12/785/2020

Kerala State Audit Department
District Audit Office, Idukki
Thodupuzha – 685 584
Phone : 04862 227332
E-mail : doidk.ksad@kerala.gov.in
Date. 12.11.2020

Certified that I have audited the Annual Financial Statement of RAJAKKAD Grama Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayat Raj Institutions and the provisions in GO(Rt)1413/2018/LSGD dated 22.05.2018.

In my opinion, the Financial Statements of RAJAKKAD Grama Panchayat for the 2018-19, except the observations in my Audit Report, properly presents accurate and complete information on the documents submitted to the audit.

**DEPUTY DIRECTOR**
**IDUKKI**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.12/785/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ -685584

ഇ-മെയിൽ :doidk.ksad@kerala.gov.in

തീയതി. 12.11.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാജാക്കാട് ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-2019 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി